ശ്രീ. ഉമാഭാരതി എന്നിവരെ മന്ത്രിസഭയിൽ തുടരാനനുവദിക്കുന്നതിനു പിന്നിലും ഇതേപോലുള്ള അവജ്ഞയാണദ്ദേഹത്തിന് കോടതിയോടുള്ളത് എന്നു വ്യക്തമാക്കുന്നു. ഹിന്ദുത്വത്തിന്റെ പേരിലുള്ള വർഗീയവാദശക്തികൾ കൂടുതൽ അസഹിഷ്ണുക്കളാവുകയാണ്. ഒറീസയിൽ ഗ്രഹാംസ്റ്റെയിൻസിനെ രണ്ടു പിഞ്ചു മക്കളോടൊപ്പം ചുട്ടുകൊന്ന ദുഷ്ടശക്തികൾ ഉത്തരേന്ത്യയിൽ വ്യാപകമായി പള്ളികൾക്കും മസ്ജിദുകൾക്കും നേർക്ക് ആക്രമണമഴിച്ചുവിടുകയാണ്. ബൈബിൾ വലിച്ചുകീറിയും കുരിശുതകർത്തും കന്യാസ്ത്രീകളെ മാനഭംഗം ചെയ്തും അവരുടെ മഠങ്ങൾ തകർത്തും മിഷനറികളെകൊന്നും ഇവർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയാണ്. എം.എഫ്. ഹുസൈന്റെ ചിത്രപ്രദർശനമുള്ള ഹാളിന് നേർക്കും 'ഫയർ' സിനിമ നടക്കുന്ന തിയേറ്ററിനുനേർക്കും 'വാട്ടർ' എന്ന സിനിമയുടെ സൈറ്റിനുനേർക്കും ഇവർ ആക്രമണം നടത്തി. അസഹിഷ്ണുത സാംസ്ക്കാരിക ഫാസിസമായി പടരുകയാണ്. പൊളിച്ചതു പള്ളിയോ അമ്പലമോ എന്നു നിശ്ചയമില്ല എന്നു കൈമലർത്തുന്ന ശ്രീ. നരസിംഹറാവുവിന്റെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും സമീപനങ്ങൾ ഇവരുടെ നേർക്കു വിട്ടുവീഴ്ച ചെയ്യുന്നതാണ്. അടച്ചുപൂട്ടിയിട്ടിരുന്ന ബാബറി മസ്ജിദ് ഹിന്ദുക്കൾക്കു മാത്രമായി തുറന്നുകൊടുത്തതും അവിടെ ആരാധന അനുവദിച്ചതും ശിലാന്യാസത്തിലൂടെ ക്ഷേത്ര നിർമ്മാണത്തിനു തറക്കല്ലിടാനനുവദിച്ചതും കർസേവയിലൂടെ ആ തറക്കല്ല് ഒരു മണ്ഡപമായി വളരാൻ വഴിവച്ചതും ഒടുവിൽ ഇന്ത്യൻ മതനിരപേക്ഷതയുടെ പ്രതീകമായി ഉയർന്നുനിന്നിരുന്ന ബാബറി മസ്ജിദ് വി. എച്ച്.പി - ആർ. എസ്. എസ്. - കർസേവകർ ഇടിച്ചു നിരത്തിയപ്പോൾ കൈകെട്ടി നോക്കിയിരുന്ന് അതിന്റെ സമ്പൂർണ തകർച്ച അനുവദിച്ചു കൊടുത്തതും കോൺഗ്രസ് (ഐ) ആണെന്നത് ചരിത്രസത്യമാണ്. ഹിന്ദു വോട്ടുകൾ നേടാൻ കോൺഗ്രസ് (ഐ) ബി. ജെ. പി. യോട് മത്സരിക്കുകയായിരുന്നു. അപ്പോഴൊക്കെ വോട്ടുബാങ്ക് നോക്കി മതനിരപേക്ഷതയിൽ വിട്ടുവീഴ്ച കാട്ടുന്നവർക്കും അവർക്കൊപ്പം നിൽക്കുന്നവർക്കും ഇന്ത്യയുടെ നേർക്കുയരുന്ന കരാളമായ വർഗീയ ഫാസിസ്റ്റ് ഭീഷണിയുടെ ഭയങ്കരത കാണാനും അതു തിരിച്ചറിയാനും ഇനിയെങ്കിലും കഴിയണം. മതനിരപേക്ഷതയ്ക്കുവേണ്ടി പൊരുതുന്നവരെയും മതനിരപേക്ഷതയുടെ കാര്യത്തിൽപോലും വോട്ടുനോക്കി വിട്ടുവീഴ്ച കാട്ടുന്നവരേയും വേർതിരിച്ചുകാണാൻ മതന്യൂനപക്ഷങ്ങൾക്കു വേണ്ടി എന്ന മട്ടിൽ നിലകൊള്ളുന്നവർ തയ്യാറാകണം. അങ്ങനെ, രാഷ്ട്രീയാതീതമായി മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള ഒരു യോജിപ്പുണ്ടാവണം. രാജ്യം നേരിടുന്ന വർഗീയ ഫാസിസ്റ്റ് ഭീഷണികളെ പരാജയപ്പെടുത്തുന്നതിന് മതേതര ജനാധിപത്യ വിശ്വാസികളായ ജനങ്ങൾ ഒത്തൊരുമിച്ച് മുന്നോട്ടുവരേണ്ടതാണ്.

(5) ആലുവയിൽ നടന്ന കൂട്ടക്കൊലപാതകം

ശ്രീ. കെ. മുഹമ്മദാലി : സർ, നമ്മുടെ നാടിനെ നടുക്കിയ ആലുവയിലെ കൂട്ടക്കൊലപാതകത്തിന്റെ അന്വേഷണത്തിൽ പൂർണമായ ദുരൂഹത പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. ഇന്ന് നടന്നുവരുന്ന അന്വേഷണത്തിൽ ജനങ്ങൾക്ക് വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേസന്വേഷണം കാര്യക്ഷമമായി കൊണ്ടുവരാൻ കഴിയത്തക്കനിലയിൽ വൈദഗ്ദ്ധ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ സേവനം ഉപയോഗപ്പെടുത്തി ജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ആലുവ സെന്റ് മേരിസ് ഹൈസ്കൂളിന് സമീപം മാഞ്ഞൂരാൻ വീട്ടിൽ താമസിച്ചിരുന്ന അഗസ്റ്റിൻ, ഭാര്യ മേരി, മകൾ ദിവ്യ, മകൻ ജോസ്മോൻ, അഗസ്റ്റിന്റെ അമ്മ ക്ലാര, സഹോദരി കൊച്ചുറാണി എന്നീ ആറുപേരെ 6-1-2001 രാത്രിയിൽ അവർ താമസിച്ചിരുന്ന വീട്ടിൽവച്ച് ആരോ വെട്ടിക്കൊലപ്പെടുത്തി. ഇതു സംബന്ധിച്ച് ക്രൈം 15/2001 -ാം നമ്പരായി ആലുവ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ഐ. ജി. പി. സൗത്ത് സോൺ, ഡി. ഐ. ജി., ജില്ലാ പോലീസ് സൂപ്രണ്ട്, എറണാകുളം സിറ്റി പോലീസ് കമ്മീഷണർ എന്നിവരുൾപ്പെടെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിച്ചു. അന്വേഷണത്തിന്, ഫോറൻസിക് സയൻസ് ലാബിലെ രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാർ, സയന്റിഫിക് അസിസ്റ്റന്റ്, വിരലടയാള വിദഗ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, വീഡിയോഗ്രാഫർ എന്നിവരുടെയും പോലീസ് നായയുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആലുവ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാല് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ, ഏഴ് സബ് ഇൻസ്പെക്ടർമാർ, നാല് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ തുടങ്ങി 33 പേർ അടങ്ങുന്ന ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് കേസ് അന്വേഷണം ഊർജ്ജിതമാക്കി. അന്വേഷണത്തിൽ, മരണപ്പെട്ട അഗസ്റ്റിന്റെ അടുത്ത ബന്ധുവായ ആലുവ മാഞ്ഞൂരാൻ വീട്ടിൽ താമസം ആന്റപ്പൻ എന്നുവിളിക്കുന്ന ആന്റണിയാണ് ഇവരെ കൊലപ്പെടുത്തിയതെന്ന് കണ്ട് 18-1-2001 -ന് ആന്റണിയെ അറസ്റ്റ് ചെയ്തു. കൊലപാതകത്തിന് ഉപയോഗിച്ച സ്റ്റൂൾ, കൊരണ്ടി, എന്നിവ പ്രതിയിൽനിന്നും കണ്ടെടുക്കുകയും പ്രതിയെ കൂടുതൽ അന്വേഷണത്തിനായി 28-2-2001 വരെ പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുത്തിട്ടുമുണ്ട്. തുടർന്നും കൂടുതൽ വിശദമായ അന്വേഷണം നടത്തിവരുന്നു.

(6) നാളികേര കർഷകർ നടത്തുന്ന സമരം

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ കർഷകർ നടത്തിവരുന്ന നിരന്തരമായ സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും, 14 ജില്ലകളിലും ഉള്ള അയ്യായിരത്തിലധികം വരുന്ന നാളികേര കർഷകർ കേന്ദ്ര ഗവൺമെന്റിന്റെ ഓഫീസുകളായ ആർ. എം. എസിനുമുമ്പിലും റയിൽവേ സ്റ്റേഷനുമുമ്പിലും ഇന്നലെ വൈകുന്നേരം അഞ്ചുമണിമുതൽ കൂട്ട ഉപവാസ സമരം നടത്തിവരുകയാണ്. ഉപവാസ സമരത്തിൽ പങ്കെടുത്ത് ഈ വിഷയം ഇവിടെ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ എത്തിയത്. കേരളത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഉന്നയിക്കാൻ ഇന്നലെ അനുവാദം തന്നിരുന്നു. പക്ഷേ പ്രതിപക്ഷം സഹകരിക്കാത്തതുകൊണ്ട് എനിക്ക് അത് ഉന്നയിക്കാൻ കഴിഞ്ഞില്ല. എങ്കിലും സബ്മിഷനായി ഈ പ്രശ്നം സഭയുടെ മുമ്പാകെ ഉന്നയിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖല ആകെ തകർന്നിരിക്കുകയാണ്. കൃഷിക്കാർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ രണ്ടു വർഷക്കാലം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly